<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770</u> <u>13-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കൈപ്പമംഗലം മണ്ഡലത്തിലെ പുതിയ വ്യവസായങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2022 നവംബർ 30 വരെയുള്ള കാലയളവിൽ കൈപ്പമംഗലം മണ്ഡലത്തിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന സംരംഭക സഹായപദ്ധതി, മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതി, PMEGP, Interest subvension to Nano Household units, PMFME എന്നീ പദ്ധതികളിലൂടെ ധനസഹായം നൽകുന്നുണ്ട്. ടി കാലയളവിൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ്സ് പദ്ധതിയിൽ 38.49 ലക്ഷം രൂപയും സംരംഭകത്വ സഹായ പദ്ധതിയിൽ 100.02 ലക്ഷം രൂപയും, Interest subvension to Nano Household units പദ്ധതിയിൽ 0.22 ലക്ഷം രൂപയും സബ്സിഡി നൽകിയിട്ടുണ്ട് സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലും ഇന്റേൺസിനെ നിയമിച്ചിട്ടുണ്ട്. ONE FAMILY ONE ENTERPRISES പദ്ധതി KELS എന്നീ പദ്ധതികളും സംരംഭക വർഷത്തിന്റെ ഭാഗമായി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ ക്ലാസുകളും പരിപാടികളും മണ്ഡലത്തിൽ 2016 - 2022 കാലയളവിൽ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2016-2021 കാലയളവിൽ എല്ലാ വർഷവും മതിലകം ബ്ലോക്ക് പഞ്ചായത്തിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടിയും കൊടുങ്ങല്ലൂർ താലൂക്ക് തലത്തിൽ നിക്ഷേപക സംഗമവും സംഘടിപ്പിച്ചിരുന്നു. ഓൺലൈൻ സേവനങ്ങൾ നൽകുന്നതിന് താലൂക്ക് റിസോഴ്സ് പേഴ്സനെ നിയമിച്ചിട്ടുണ്ട്. 01/04/2022 ന് ശേഷം സംരംഭക വർഷത്തിന്റെ ഭാഗമായി കയ്പമംഗലം മണ്ഡലത്തിലെ 7 പഞ്ചായത്തുകളിലും പൊതു ബോധവൽക്കരണ പരിപാടിയും ലോൺ മേളയും സംഘടിപ്പിച്ചിരുന്നു. സംരംഭക വർഷം പദ്ധതിയുടെ കയ്പമംഗലം മണ്ഡലത്തിലെ അവലോകനയോഗവും സംഘടിപ്പിച്ചിരുന്നു. മതിലകം |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്ത് തല സംരംഭകത്വ ബോധവൽക്കരണ സെമിനാർ 08/11/2022- ന് സംഘടിപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ